(സി) ഈ തസ്തികയിലെ 15 ട്രേഡുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിയതിന്റെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

പേഴ്സണൽ ആക്സിഡന്റ് ക്ലെയിം

197 (5000) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എസ്. ബി. വൈ പദ്ധതി പ്രകാരം പേഴ്സണൽ ആക്സിഡന്റ് ക്ലെയിം നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബി.പി.എൽ. അസംഘടിത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിൽ കുടുംബനാഥന്റെയോ/കുടുംബനാഥയുടെയോ ആകസ്മിക മരണം കൊണ്ട് സംഭവിക്കാവുന്ന സാമ്പത്തിക പ്രയാസങ്ങളിൽ ഒരു ആശ്വാസം എന്ന ലക്ഷ്യത്തോടെയാണ് ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം ആരോഗ്യ കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങളിലെ കുടുംബനാഥനോ/കുടുംബനാഥയ്ക്കോ അപകട മരണം സംഭവിക്കുകയാണെങ്കിൽ അനന്തരാവകാശി/അനന്തരാവകാശികൾക്ക് രണ്ട് ലക്ഷം രൂപയുടെ ധനസഹായം പേഴ്സണൽ ആക്സിഡന്റ് ക്ലെയിം ആയി നൽകി വരുന്നത്.

(സി) ഭരണതലത്തിൽ പദ്ധതി നടത്തിപ്പിനായി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly